പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്

തൃശ്ശൂർ, തിയതി: **08/03/2019**

ഫോൺ നം.0487 2360616

ക്വട്ടേഷൻ പരസ്യം

തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി ഉപയോഗിക്കുന്ന ടാങ്കർ ലോറി/മറ്റ് വാഹനങ്ങൾ എന്നിവയിൽ G.P.S ഘടിപ്പിച്ച് ജില്ലാ തല റവന്യൂ അധികാരികൾ ഉൾപ്പടെയുള്ളവർക്ക് കുടിവെള്ള വിതരണം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം G.P.S ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും പരിചയ സമ്പന്നരായ അംഗീകൃത സ്ഥാപനങ്ങൾ,വ്യക്തികൾ ,മറ്റു സേവനദാതാക്കൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. അംഗീകൃത സ്ഥാപനങ്ങൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ഒരു വാഹനത്തിൽ G.P.S സംവിധാനം ഏർപ്പെടുത്തുന്നതിന് ഒരു മാസത്തേക്കുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ പേര് ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതായിരിക്കും. ഈ സ്ഥാപനവുമായി നിയമാനുസരണമുള്ള കരാറിൽ ഏർപ്പെടുന്നതും G.P.S ഘടിപ്പിക്കുന്നതിനുള്ള തുക അനുവദിക്കുന്നതും ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നതും ഗ്രാമപഞ്ചായത്തുകളായിരിക്കും.. ക്വട്ടേഷനോടൊപ്പം 5000/-രൂപ നിരതദ്രവ്യം ,തൃശ്ശൂർ ജില്ലാ സഹകരണബാങ്ക് അയ്യന്തോൾ ശാഖയിൽ (അക്കൗണ്ട് നം.10729072178) അടവാക്കിയതിന്റെ രശീതി ഉള്ളടക്കം ചെയ്യേണ്ടതാണ്. ഈ മേഖലയിലുള്ള പരിചയ സമ്പന്നത സംബന്ധിച്ച രേഖകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കാവുന്നതാണ്.

ക്വട്ടേഷൻ തൃശ്ശൂർ കളക്ടറേറ്റിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ 16/03/19ന് 2.00 P.M നകം സമർപ്പിക്കേണ്ടതാണ്. ലഭ്യമാകുന്ന ക്വട്ടേഷനുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ഓഫീസിൽ അന്നേ ദിവസം 3.00P.M ന് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ഈ ക്വട്ടേഷന് നിലവിലുള്ള സർക്കാർ ഉത്തരവുകളും വ്യവസ്ഥകളും ബാധകമായിരിക്കുന്നതാണ്. 16/03/19ന് അവധി ഉണ്ടായിരിക്കുന്ന പക്ഷം തുടർനടപടികൾ തൊട്ടടുത്ത പ്രവർത്തി ദിവസം നടത്തുന്നതായിരിക്കും. ക്വട്ടേഷൻ സംബന്ധിച്ച ഏതൊരു തീരുമാനവും കൈക്കൊള്ളുന്നതിനുള്ള അധികാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാണ്.

**JOY JOHN, DDP-DDPTSR, O/O DDP DDPTSR**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

തൃശ്ശൂർ